# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 764 08.03.2012 - ൽ മറുപടിക്ക്

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ സംയോജിത തീരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ; | (എ) കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ സംയോജിത തീരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പദ്ധതിക്കായി നേരത്തെ ലഭിച്ചിരുന്ന ഭരണാനുമതി തുക 105 ലക്ഷം രൂപ, പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് - 2010 നിരക്കു പ്രകാരം പര്യാപ്തമല്ലാത്തതിനാൽ 1,48,50,000/- രൂപയ്ക്കുള്ള വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി മത്സ്യബന്ധന വകുപ്പിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് അരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ? | (ബി) മത്സ്യബന്ധന വകുപ്പിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പണികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ